"ഭരണ ഭാഷാ മാതൃഭാഷ"

ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) ആലപ്പുഴ
കൊട്ടാരം ബിൽഡിംഗ്,ജനറൽ ആശുപത്രി പരിസരം, ആലപ്പുഴ - 688011
Ph: 0477-2251650, 0477-2252329 Email: dmohalppy@yahoo.co.in

DMOH-ALP/688/2024-A6

തീയതി.31-01-2024

## കാരണം കാണിക്കൽ നോട്ടീസ്

ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ നേഴ്സിംഗ് ഓഫീസറായ ശ്രീമതി.നീതു പ്രസാദ്.വി.എൽ. എന്ന താങ്കൾ 12.12.2023 മുതൽ അനധികൃതമായി ജോലിയിൽ ഹാജരാകാതിരിക്കുന്നതായി സൂപ്രണ്ട് അറിയിച്ചിരിക്കുന്നു. പത്ത് ദിവസത്തിനകം ജോലിയിൽ ഹാജരാകുവാൻ ആവശ്യപ്പെട്ട് അയച്ചിരുന്ന നോട്ടീസ് താങ്കൾ കൈപ്പറ്റുകയുണ്ടായില്ല. അനധികൃതമായി ജോലിയിൽ ഹാജരാകാതിരിക്കുന്നത് ഗുരുതരമായ അച്ചടക്ക ലംഘനവും, കൃത്യവിലോപവുമാണ്. താങ്കളുടെ സേവനം ക്രമപ്പെടുത്തുകയോ, പ്രൊബേഷൻ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ അനധികൃതമായി ജോലിയിൽ ഹാജരാകാത്ത കാരണത്താൽ 1958 ലെ കേരളാ സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ടി തീരുമാനത്തിനെതിരെ താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. അത് സംബന്ധിച്ച പ്രതിവാദ പത്രികയോ, വിശദീകരണമോ മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Dr. Jamuna Varghese
Date: 31-01-2024 16:26:02
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
ആലപ്പുഴ

സ്വീകർത്താവ് :- ശ്രീമതി.നീതു പ്രസാദ്.വി.എൽ.
വടക്കേ വെളി,
മുഹമ്മ.പി.ഓ. ആലപ്പുഴ.

പകർപ്പ് :- സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ഹരിപ്പാട്.